**പതിനാലാം കേരള നിയമസഭ**
**10-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 595** **27.02.2018 -ൽ മറുപടിയ്ക്ക്**

**വൈപ്പിനിലെ ബീച്ചുകളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ചെറായി ബീച്ചിനെ മദർ ബീച്ചായി വികസിപ്പിച്ചുകൊണ്ട്, വൈപ്പിനിലെ ബീച്ചുകളുടെ സൗന്ദര്യവൽക്കരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള പ്രവൃത്തി നടപ്പാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ തുക എത്രയാണെന്നും ഭരണാനുമതി നൽകിയത് എന്നാണെന്നും വ്യക്തമാക്കാമോ; | എ) | വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള 9 ബീച്ചുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകികൊണ്ട് 25.3.2017 ലെ ജി.ഒ(ആർറ്റി) നം. 160/2017/റ്റിഎസ്എം പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ ചെറായി ബീച്ചും ഉൾപ്പെടുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; എങ്കിൽ, വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ പദ്ധതിയിൽപ്പെടുന്ന 9 ബീച്ചുകളിൽ മേൽ പ്രവർത്തികൾ ഏർപ്പാടാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും അനുമതിയും CRZ ക്ലിയറൻസും ലഭ്യമാക്കേണ്ടതുണ്ട്. ഇവയിൽ പഞ്ചായത്തുകളിൽ നിന്നുള്ള അനുമതി പത്രങ്ങൾ ലഭ്യമായിട്ടുണ്ട്. പുതുവൈപ്പ്, ചാത്തങ്ങാട് , കുഴുപ്പിള്ളി, അംബേദ്കർ എന്നീ ബീച്ചുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഹാർബർ എഞ്ചിനീയറിംഗ് മുഖേന ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഈ പ്രവർത്തികൾക്ക് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അനുമതിയും CRZ ക്ലിയറൻസ് ഉം പഞ്ചായത്തുകൾ മുഖേന ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭിച്ചാലുടൻ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ